# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5648

18.11.2019 - ൽ മറുപടിക്ക്

**സീമെറ്റ് ജീവനക്കാർക്ക് ആരോഗ്യ പരിരക്ഷ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സീമെറ്റിന്റെ കീഴിൽ സേവനം ചെയ്യുന്നതും ഇ.എസ്.ഐ. പരിധിയിൽ വരാത്തതും പത്താം ശമ്പള പരിഷ്കരണ ആനുകൂല്യം നടപ്പിലാക്കിയിട്ടുള്ളതുമായ ജീവനക്കാർക്ക് യാതൊരു ആരോഗ്യ പരിരക്ഷ പദ്ധതിയും നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | പത്താം ശമ്പള പരിഷ്കരണ ആനുകൂല്യം നടപ്പിലാക്കിയപ്പോൾ ഇ.എസ്.ഐ. പരിധിയിൽ നിന്ന് ഒഴിവാക്കിയ ജീവനക്കാർക്ക് 24/04/2017 തീയതിയിലെ സ.ഉ.(പി) നമ്പർ 54/2017/ഫിൻ പ്രകാരമുള്ള മെഡിസെപ്പിലോ, മറ്റ് ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിലോ ഉൾപ്പെടുത്താൻ അനുവാദം നൽകണമെന്ന് കാണിച്ച് സി-മെറ്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സീമെറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ഇത് സംബന്ധിച്ച ഫയലിൽ (No.3718526/2019) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈ ജീവനക്കാരെ മെഡിസെപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | | |

Milan

സെക്ഷൻ ഓഫീസർ